ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു സംശയം എന്താണു ? പ്രധാനമായിട്ടും പൊതുജനാരോഗ്യമാണു മാനദണ്ഡമായി വച്ചിട്ടുള്ളതു. ആ തത്വം ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടു. കഴിയുന്നതും വേഗം അതു പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു. ആ നിലയ്ക്കു ഈ പ്രമേയം പാസ്സാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു.

Amendment No. 1 moved by Shri O. Koran, was, by leave, withdrawn.

Amendment No. 2 moved by Shri- P. C. Balakrishnan Nambiar was, by leave, withdrawn.

Deputy Speaker : Do you press your Resolution Mr. Moideenkutty Haji ?

Shri Moideenkutty Haji : Madam, in the light of the assurance given by the hon. Minister, I withdraw my Resolution.

Resolution No. 1 moved by Shri. K. Moideenkutty Haji was by leave, withdrawn.

RESOLUTION II

Painting the top of Taxi cabs in suitable attractive colour.

ശ്രീ. കെ. നാരായണക്കുറുപ്പു: സർ, ഞാൻ എന്റെ റസലൂഷൻ അവതരിപ്പിക്കുകയാണു.

"ടാക്സി കാറുകളുടെ മുകൾഭാഗം മഞ്ഞനിറം അടിക്കണമെന്നുള്ള ഇന്നത്തെ നിയമം മാറ്റി കുറെക്കൂടി ആകർഷണീയമായ അടയാളം കൊടുക്കാനുള്ള നിയമം കൊണ്ടുവരണമെന്നു ഈ സഭ അഭിപ്രായപ്പെടുന്നു".

സർ, ഈ രാജ്യത്തെ ഭൂരിപക്ഷം ആളുകൾക്കും ആഗ്രഹമുള്ളതും നല്ലൊരു വിഭാഗം തൊഴിലാളികൾക്കു നിർബന്ധമുള്ളതുമായ ഒരു വസ്തുതയാണു ഈ പ്രമേയത്തിന്റെ ഉള്ളടക്കം. മുന്നു വർഷങ്ങൾക്കുമുമ്പു ഈ രാജ്യത്തു ഉടനീളമുള്ള ടാക്സികാർ ഡ്രൈവേഴ്സും ഉടമകളും ഈ നിയമത്തിന്റെപേരിൽ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയെങ്കിലും അനുകൂലമായ ഒരു തീരുമാനം എടുക്കുവാൻ കഴിഞ്ഞിട്ടില്ല. അന്നു മുതൽ ടാക്സി ഉടമകളും ഡ്രൈവേഴ്സും പൊതുജനങ്ങളും ഇതിനെപ്പറ്റി വളരെയധികം പരാതി ഉന്നയിച്ചിട്ടുണ്ടു. ഇതിനെപ്പറ്റി പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇന്നു ഭൂരിപക്ഷം ആളുകളും സൗകര്യമായി യാത്രചെയ്യാൻ ഉപയോഗിക്കുന്ന ടാക്സികാറിനു എല്ലാവിധത്തിലും ഉള്ള ആകർഷണീയതയും അന്തസ്സും മാറ്റിക്കളയണമെന്നു നിർബന്ധമുള്ളതുപോലെ തോന്നുന്നു. പണക്കാർ സഞ്ചരിക്കുന്ന പ്രൈവറ്റു കാറുകൾക്കു ഏതു നിറവും സ്വീകരിക്കാം, പാവപ്പെട്ടവർ സഞ്ചരിക്കുന്ന ടാക്സിക്കാറുകളിൽ യാതൊരു വിധത്തിലുള്ള കലാസൗന്ദര്യവും ഉണ്ടായിരിക്കരുതെന്നു പറയുന്നതു ശരിയല്ല. നിയമനിർമ്മാണം നടത്തുമ്പോൾ എല്ലാ വശങ്ങളെപ്പറ്റിയും ചിന്തിക്കണം. നിയമനിർമ്മാണത്തിനു ഒരു ഉദ്ദേശമുണ്ടു. ആ ഉദ്ദേശം സാധിക്കണമെന്നു മാത്രമല്ല, ഇങ്ങനെ നിയമനിർമ്മാണം ചെയ്യുന്ന അവസരത്തിൽ പൊതുജനങ്ങളുടെ വികാരങ്ങളെ പ്രണപ്പെടരുതെന്നു എന്നുള്ള ഉദ്ദേശംകൂടി ഉണ്ടായിരിക്കണം. മറ്റു കാറുകളിൽ നിന്നും ടാക്സി കാറുകളെ തിരിച്ചറിയുവാൻവേണ്ടിയാണു ഈ നിയമം വച്ചിരിക്കുന്നതെങ്കിൽ, നിലവിലുള്ള നിയമം മാറ്റി മറ്റു ഏതെങ്കിലും രൂപങ്ങളിൽകൂടി സാധിക്കാൻ കഴിയുകയില്ലേ എന്നു പരിശോധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. നാരായണക്കുറുപ്പ്]

ക്കണം. ടാക്സി കാറുകളെ തിരിച്ചറിയേണ്ടതു ആവശ്യമാണു്. വിദേശ രാജ്യങ്ങളിലും ടാക്സി കാറുകളെ തിരിച്ചറിയാനുള്ള ഏർപ്പാടുണ്ടു്. ആവിധ മാറ്റങ്ങളോ, മറ്റു എന്തെങ്കിലും പൊതുവേ സ്വീകാര്യമായ മാറ്റങ്ങളോ ഉപയോഗിച്ചു ടാക്സികാറുകളെ തരംതിരിച്ചറിയുവാൻ ഏർപ്പാടു ചെയ്തിരുന്നുവെങ്കിൽ, മനുഷ്യക്കണ്ണോകാവുന്ന എല്ലാവിധ വികാരങ്ങളേയും മാനിച്ചു ഒരു നിയമനിർമ്മാണം നടത്തിഎന്നു വിശ്വസിക്കാമായിരുന്നു. തന്നെയുമല്ല ഇതു പോലുള്ള കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ ഇടവരികയും ഇല്ലായിരുന്നു. എല്ലാ കാര്യങ്ങൾക്കും ഒരു കലാബോധം ആവശ്യമാണു്. ടാക്സികാറിന്റെ അടയാളം എന്നുള്ള നിലയിൽ ഈ നിറം സ്വീകരിച്ചതുമൂലം ടാക്സി ഉടമകളുടേയും ഡ്രൈവേഴ്സിന്റേയും പൊതുജനങ്ങളുടേയും വികാരങ്ങളെ പ്രണപ്പെട്ടത്തിയിട്ടുണ്ടു്. ലണ്ടനിൽ ഇങ്ങനെ ടാക്സി കാറുകളെ മറ്റു കാറുകളിൽനിന്നും തിരിച്ചറിയുന്നതിലേക്കു കാറിന്റെ ഒരു വശത്തു ഒരു ഡിസ്ക്കുമാതിരിയുള്ള സൈൻ വച്ചിട്ടു അതിൽ ടാക്സി എന്നു എഴുതിയിരിക്കും. മറ്റു കാറുകളുമായി വേറെ യാതൊരു വ്യത്യാസവും ഇല്ല. വാസ്തവം പറഞ്ഞാൽ ഇങ്ങനെ മഞ്ഞനിറം അടിക്കുന്നതിനു വൈമനസ്യം തോന്നിയിട്ടു് പുതിയ കാറുകൾ വാങ്ങുന്ന പലരും അതു ടാക്സികളായി മാറാതിരിക്കുന്നുണ്ടു്. പണ്ടു പത്തിരുപതുകൊല്ലം പഴക്കമുള്ള കാറുകൾ മാത്രമേ ടാക്സിക്കായി ഉപയോഗിച്ചിരുന്നുള്ളു. കഴിഞ്ഞ കുറെ കൊല്ലമായിട്ടു നല്ല കാറുകൾ ടാക്സിയായി കിട്ടുമായിരുന്നു. ഈ നിയമം വന്നതോടുകൂടി പുതിയ കാറുകൾ ടാക്സിയായി സഞ്ചരിക്കാൻ കിട്ടാതായി. മറെറാരു സംഗതി, ഈ മഞ്ഞനിറമുള്ള കാറിനകത്തു ഇരിക്കുമ്പോൾ അതിനകത്തിരിക്കുന്നവർക്കു ഒരു അപകർഷതാബോധം തോന്നുന്നുണ്ടു്. പ്രൈവറ്റു് ബസ്സുകളിലും ഇതു പോലൊരു നിയമം ഉണ്ടാക്കിയിരുന്നുവെങ്കിൽ അന്നു് ഈ രാജ്യത്തു വളരെയധികം ഒച്ചപ്പാടുണ്ടാകുമായിരുന്നു. അതു മാറാൻ ഏർപ്പാടു ചെയ്യുകയും ചെയ്തുമായിരുന്നു. പാവപ്പെട്ട ആളുകൾ ഒരു ഉപജീവനമാർഗ്ഗമായി ടാക്സി ഓടിക്കുന്നതുകൊണ്ടായിരിക്കാം എത്രമാത്രം ഒച്ചപ്പാടു ഉണ്ടാക്കിയാലും ഇതു മാറുകയില്ല എന്നു് ശഠിക്കുന്നതു്. ഇതിനു ഒരു മറുപടി പറയുവാനുള്ളതു്, ഇതു അഖിലേന്ത്യാ പാറേൺ ആണെന്നും അതിനനുസരിച്ചു ഇവിടെ നിയമം കൊണ്ടുവന്നതാണെന്നുമാണു്. പക്ഷേ പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ മാനദണ്ഡമാക്കി കൊണ്ടുള്ള ശുപാർശ കേന്ദ്രത്തിലേയ്ക്കു അയച്ചു കൊടുക്കേണ്ടതു ചുമതല നടക്കുണ്ടു്. മഞ്ഞനിറം കൊടുക്കുന്നതുകൊണ്ടുള്ള കുഴപ്പങ്ങൾ എന്താണെന്നു ചോദിച്ചേക്കാം. ഏതൊരു സംഗതിക്കും ഒരു സൗന്ദര്യബോധം ഉണ്ടായിരിക്കണം. സൗന്ദര്യം കൂടി ഉണ്ടെങ്കിൽ മാത്രമേ ഒരു വസ്തുവിനെ നൂറു ശതമാനം ആളുകളും ഇഷ്ടപ്പെടുകയുള്ളു. എങ്കിൽ മാത്രമേ ആ വസ്തു ആളുകൾ പൂർണ്ണമായി ഇഷ്ടപ്പെടുകയുള്ളു. മനുഷ്യനു് പേരിടുന്നതു ഒരാളെ മറ്റുള്ളവരിൽ നിന്നും തിരിച്ചറിയുന്നതിനുവേണ്ടിയാണു്. പണ്ടു് കൊച്ചുകുട്ടിയെന്നും പാണ്ടിയെന്നും അയ്യപ്പനെന്നും ഇളേച്ചിയെന്നും മറ്റും ആളുകൾക്കു നാമകരണം ചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇന്നു ആ പേരുകൾ അത്രയധികം ആരും ഇഷ്ടപ്പെടാറില്ല. ഇന്നു് സൗന്ദര്യബോധമുള്ള ആളുകൾ കലാപരമായും മനോഹരമായും ഉള്ള പേരുകളാണു് ഉപയോഗിക്കാറുള്ളതു്. ചന്ദ്രിക, പൂനിലാവു്, കുസുമം മുതലായ പേരുകളാണു് ഇപ്പോൾ ഉപയോഗിക്കാറുള്ളതു്. ആളുകളെ തിരിച്ചറിയാൻ മാത്രമാണെങ്കിൽ എന്തിനു ഈ മാതിരി പേരുകൾ ഉപയോഗിക്കുന്നു. പേരിൽ പോലും ഇത്രയധികം കലാബോധവും സൗന്ദര്യവും കാണിക്കുന്ന മനുഷ്യർ, സഞ്ചരിക്കുന്ന വാഹനങ്ങളിൽ അതു പാടില്ല എന്നു പറയുന്നതു നീതീകരിക്കുവാൻ സാധിക്കുകയില്ല. മാത്രവുമല്ല, ഈ നിറം അടിക്കുന്നതിനു മടിയുള്ളവർ അവരുടെ കാറുകൾ കള്ള ടാക്സികളായിട്ടും ഉപയോഗിക്കുന്നുണ്ടു്. ആ ഇനത്തിൽ നല്ലൊരു തുക ഗവണ്മെൻറിനു നഷ്ടപ്പെടുന്നും ഉണ്ടു്. മറ്റുള്ള കാറുകളുമായി യാതൊരു വ്യത്യാസവുമില്ലാതെ പുതിയതായി വാങ്ങുന്ന കാർ അതിന്റെ പിറേറദിവസം ടാക്സിക്കുപയോഗിക്കുന്നവർ ഈ നിറം മാറിയിരിക്കണമെന്നും അല്ലാത്തവർ അതുപോലെ ഉപയോഗിക്കാമെന്നും വച്ചിരിക്കുന്നതു വലിയ അനീതിയാണു്. ഇങ്ങനെ മഞ്ഞച്ചായം തേക്കുന്നതു് ധാരാളം പണം മുടക്കി കാറുവാങ്ങുന്നവർക്കു

LIBRARY ARCHIVES Kerala Legislative Assembly

വലിയ മനോവേദനയുണ്ടാകുന്ന സംഗതിയാണു്. ചായം അടിക്കാത്ത കാറിന്റെ സമീപം കളറടിച്ചകാറു കൊണ്ടു ഇടുമ്പോഴാ മാത്രമേ അതിന്റെ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കയുള്ളു. സർ, ഇതു ടാക്സി ഉടമസ്ഥന്മാരുടേയും ഡ്രൈവറന്മാരുടേയും മാത്രം അഭിപ്രായമല്ല. ഈ നാട്ടിലെ പൊതുജനങ്ങളുടെ അഭിപ്രായം കൂടിയാണു്. ഈ നാട്ടിലെ പൊതുജനങ്ങളുടെ വികാരങ്ങളെ മാനിക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ടു്. ഈ മഞ്ഞനിറം ജനങ്ങൾക്കു ഇഷ്ടപ്പെടുന്നില്ലെങ്കിൽ പിന്നെ ആക്കേണ്ടിയാണു് ഇതു വച്ചു കൊണ്ടിരിക്കുന്നതു്. കാറിന്റെ രണ്ടു വശത്തും ഡിസ്പ്ലേ വരച്ചു് അതിൽ ടാക്സി എന്നു എഴുതിയിരുന്നാൽ ടാക്സികളെ തിരിച്ചറിയാവുന്നതാണു്. അതല്ല നിറം തന്നെ കൂടിയേ തീരു എന്നുണ്ടെങ്കിൽ ആകർഷണീയമായ രീതിയിലുള്ള കളറിംഗ് സ്വീകരിക്കണമെന്നു എനിക്കപേക്ഷയുണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി: കാറിന്റെ മുകൾഭാഗവും അടിഭാഗവും ചുമപ്പും നടുക്കു വെള്ളയും നിറം അടിച്ചാൽ അതു ആകർഷണീയമായിരിക്കുകയില്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പു്: പലർക്കും പലതരത്തിലാണു് കലാബോധം; എന്റെ അഭിപ്രായം പറയാമെന്നല്ലാതെ പൊതുവേ പറയുവാൻ പ്രയാസമാണു്. മഞ്ഞനിറം മാറുന്നതിൽ തമ്പിക്കു വിരോധം കാണുകയില്ല എന്നു വിചാരിക്കുന്നു. ഇതിനോടു ബന്ധപ്പെട്ടതായ മറെറാരു കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. അതു ടാക്സി ഡ്രൈവറന്മാർക്കു നിശ്ചയിച്ചിരിക്കുന്ന യൂണിഫാറത്തെ സംബന്ധിച്ചാണു്. ശീതോഷ്ണസ്ഥിതിക്കു പറ്റിയ യൂണിഫാറം നണിശ്ചയിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്. കാറിന്റെ പിന്നിൽ ഇരിക്കുന്ന സ്ത്രീകൾക്കു ഉടുപ്പു ധരിച്ചവർ പോലും ഉഷ്ണാധിക്യം നിമിത്തം പരവശരാകുന്നുള്ള കാലാവസ്ഥയിൽ കട്ടിക്കുടിയ കാക്കിക്കുപ്പായവുമണിഞ്ഞു ഡ്രൈവറന്മാർ പോകണമെന്നു പറയുന്നതു ശരിയല്ല, ശീതോഷ്ണസ്ഥിതിക്കു പറ്റിയ യൂണിഫാറം ധരിക്കുന്നതിനു അവർക്കു അനുവാദം കൊടുക്കേണ്ടതാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ; ഏതു തരത്തിലുള്ള യൂണിഫാറം വേണമെന്നാണു് മെമ്പറുടെ അഭിപ്രായം. ജുബായും പൈജാമയും മതിയോ?

ശ്രീ. കെ. നാരായണക്കുറുപ്പു്: ഏതു വേഷമായാലും കുറച്ചു കട്ടികുറഞ്ഞതായിരിക്കണമെന്നുമാത്രമേ എനിക്കഭിപ്രായമുള്ളു. എന്റെ പ്രമേയം സഭയുടെ പരിഗണനയ്ക്കായി വയ്ക്കുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: മാഡം, ഞാൻ ശ്രീ. കെ. നാരായണക്കുറുപ്പു് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുകയാണു്. പ്രമേയം അവതരിപ്പിച്ചുകൊണ്ടു് പ്രമേയകർത്താവു് സൂചിപ്പിച്ച തത്വങ്ങളോടു്
11 a. m. ഈ രാജ്യത്തെ സാധാരണക്കാരായ വളരെയധികം ആളുകളും യോജിക്കുമെന്നുള്ളതിൽ സംശയമില്ല. പ്രമേയകർത്താവു് പറഞ്ഞ തത്വങ്ങളിൽ പ്രധാനമായിട്ടും രണ്ടു മൂന്നു് കാര്യങ്ങളാണു് ഉള്ളതു്. കാറുകളെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ചു് പുതിയ കാറുകളെ സംബന്ധിച്ചിടത്തോളം അവയിൽ ആകർഷണീയമല്ലാത്ത കളർ അടിക്കുന്നതുകൊണ്ടു് അവയ്ക്കു് വിലയിൽ ഇടിവും അതിൽ സഞ്ചരിക്കുന്ന ജനങ്ങൾക്കു് പൊതുവെ ഒരു അപകർഷതാബോധവും ഉണ്ടാക്കുന്നു. അതു് വളരെ ശരിയായ ഒരു വസ്തുതയാണു്. നല്ലനല്ല കാറുകൾ ഒരു ദിവസം ഫാക്ടറിയിൽനിന്നു് പുറത്തിറക്കുകയും, പിറെറദിവസം അവ വിരൂപമാക്കുകയും ചെയ്യുന്നതു് വളരെയധികം സങ്കടം തോന്നിക്കുന്ന ഒരു വസ്തുതയാണു്. ഇന്നു് ഒരു കാറിനു് പുതിയതായി പെയിന്റു അടിയ്ക്കുന്നതിനു് 250, 300, 350 രൂപയോളം വേണ്ടിവരുമെന്നു് നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. അങ്ങനെ അനാവശ്യമായ രീതിയിൽ യാതൊരു ആവശ്യവുമില്ലാതെ, ആർക്കും ഒരു പ്രയോജനവുമില്ലാത്ത രീതിയിൽ കാറുകളിൽ ഇങ്ങനെയുള്ള പരിഷ്കാരം വരുത്തുന്നതു് എന്തിനാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു് ഗോപിനാഥപിള്ള]

മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും പറയുന്നതു്, ഇതു് അഖിലേൻഡ്യാ അടിസ്ഥാനത്തിലുള്ള ഒരു പാറേറൺ ആണെന്നും, ഇൻഡ്യയിലെ മറ്റു സ്റ്റേറുകളിലെല്ലാമുള്ള ടാക്സി കാറുകളിൽ ഇങ്ങനെ മഞ്ഞ പെയിൻറു അടിക്കുന്നുണ്ടു് എന്നുമാണു്. അതിൽ എനിക്കു് അഭിപ്രായ വ്യത്യാസമില്ല. അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ടാക്സികാറുകളേയും, പ്രൈവറ്റു കാറുകളേയും തിരിച്ചറിയുന്നതിനുള്ള പഴുതുകൾ ഉണ്ടായിരിക്കണമെന്നു് പറയുന്നതിൽ ആക്ഷേപം അഭിപ്രായ വ്യത്യാസം ഉണ്ടാകുകയില്ല. ഇങ്ങനെ പെട്ടെന്നു് ടാക്സികാറുകളെ തിരിച്ചറിയുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നാൽ കുഴപ്പങ്ങളൊന്നും ഉണ്ടാകുകയുമില്ല. ടാക്സികാറിൽ യാത്ര ചെയ്യേണ്ട ഒരാളിനു് ടാക്സി കാറുകളാണോയെന്നു് ഓരോ കാറുകാരോടേയും അടുത്തു ചെന്നു് ചോദിക്കേണ്ട വൈഷമ്യം മുമ്പുണ്ടായിരുന്നു. എന്നാൽ ഇപ്പോഴും ടാക്സി കാറുകളേയും, പ്രൈവറ്റുകാറുകളേയും തിരിച്ചറിയാൻ എളുപ്പം ഉണ്ടായിട്ടുണ്ടെന്നുള്ളതു്. ശരിയാണു്. പക്ഷേ ഞങ്ങൾക്കു് പ്രധാനമായിട്ടുള്ള പരാതി കാറുകളിൽ പെയിൻറു അടിക്കുന്ന സമ്പ്രദായമാണു്. അഖിലേൻഡ്യാ അടിസ്ഥാനത്തിൽ എല്ലാ സ്റ്റേറുകളിലും ടാക്സി കാറുകൾക്കു് ഇത്തരത്തിലുള്ള പെയിൻറാണു് അടിക്കുന്നതെന്നുള്ള വസ്തുതയും ഞങ്ങൾക്കറിയാം. അങ്ങനെ അഖിലേൻഡ്യാ അടിസ്ഥാനത്തിലുള്ള ഒരു സംപ്രദായം ആയതുകൊണ്ടു് മാറാൻ സാധിക്കുകയില്ലെന്നു് പറയുന്നതു് ശരിയല്ല. അതു് ഗവണ്മെൻറിനെക്കൊണ്ടു മാത്രം സാധിക്കുന്ന ഒരു കാര്യമാണു്. അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ടാക്സി കാറുകൾക്കു് നിശ്ചയിച്ചിട്ടുള്ള ഒരു പാറേറൺ ആണു് ഇതെങ്കിലും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ടാക്സികാറുകൾക്കു് കളർ നിശ്ചയിക്കുന്നതിനു് ഉള്ള അധികാരം ഉണ്ടെന്നാണു് എൻറെ വിശ്വാസം. ഈ ഗവണ്മെൻറിൽനിന്നും സമ്മർദ്ദം ചെലുത്തി കേന്ദ്ര ഗവണ്മെൻറിനോടു് ഇക്കാര്യം ആവശ്യപ്പെടേണ്ടതാണു്. എല്ലാവർക്കും ഏറ്റവും ആവശ്യമായിട്ടുള്ള സൗന്ദര്യബോധം ഉണ്ടാക്കുന്ന രീതിയിലുള്ള കളറുകൾ കാറിൽ അടിയ്ക്കേണ്ടതാവശ്യമാണു്. സൗന്ദര്യബോധത്തെപ്പറ്റി ഒരു കവി ഇങ്ങനെ പാടിയിട്ടുണ്ടു്:—

"കെട്ടഴിഞ്ഞോമന പുഷ്പഭോഗത്തെയും
പുഷ്പ നിതംബപ്പരപ്പിനേയും
മൂടി കിടക്കുന്ന മുഗ്ദ്ധമാം കാർകുഴൽ
നീട്ടറ നീലത്തഴുത്തുല്യം."

ഇങ്ങനെ വളരെയധികം നീണ്ട കേശമുള്ള ഒരു പെൺകുട്ടിയുടെ കേശം മുറിച്ചു കളഞ്ഞു കണ്ടാൽ എങ്ങനെ തോന്നും. അതു പോലെയാണു് ഈ ടാക്സികാറുകളിൽ ഇപ്പോഴും അടിക്കുന്ന പെയിൻറുകളും അടിച്ചുകണ്ടാൽ തോന്നുക. ഈ അഭിപ്രായം എല്ലാവർക്കും കാണുമെന്നു് വിശ്വസിക്കുന്നു. അതുകൊണ്ടു ഇതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചു് വേണ്ട മാറ്റങ്ങളും ചെയ്യണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. കെ. അനിരുദ്ധൻ: മാഡം, ഞാൻ ശ്രീ. നാരായണക്കുറുപ്പു് അവതരിപ്പിച്ച പ്രമേയത്തിനു് താഴെപ്പറയുന്ന ഒരു ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു:—

പ്രമേയത്തിൽ "ആകർഷണീയമായ" എന്ന വാക്കിനു ശേഷവും "അടയാളം" എന്ന വാക്കിനു മുമ്പുമായി "ഇം ഐകരൂപ്യമുള്ളതുമായ" എന്നു കൂട്ടിച്ചേർക്കുക.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഒരു പോയിൻറു ഓഫു് ഓർഡർ, ഇവിടെ ടാക്സികാറിനെക്കുറിച്ചുള്ളപ്രമേയം അവതരിപ്പിച്ചുകൊണ്ടു സംസാരിക്കുന്നതിനെ ഗ്യാലറിയിൽ ആർ. ടി. ഏ. യിലെ ഒരു ഉദ്യോഗസ്ഥൻ വന്നിരുന്നു് കുറിച്ചെടുക്കുന്നതു് ശരിയാണോ? അങ്ങനെ കുറിച്ചെടുക്കാൻ പാടില്ലെന്നു് മുമ്പു ഇവിടെ ഒരു റൂളിംഗു് ഉണ്ടായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഡപ്യൂട്ടി സ്പീക്കർ: ഓരോ കാര്യത്തെപ്പറ്റിയും ഇവിടെ ചർച്ച ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇവിടെ വന്നിരിക്കുന്നതിൽ തെറ്റില്ല.

ശ്രീ. കെ. അനിരുദ്ധൻ: ടാക്സികാറുകളുടെ മുകൾ ഭാഗത്തു് ഇപ്പോൾ അടിച്ചുകൊണ്ടിരിക്കുന്ന മഞ്ഞനിറം മാറ്റുന്നതിനാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ശ്രീ. നാരായണക്കുറുപ്പ് വളരെ കലാപരമായി സംസാരിക്കുകയുണ്ടായി. അതു കണ്ടു് കലാപരമായിട്ടല്ലെങ്കിലും എനിക്കും അക്കാര്യത്തെക്കുറിച്ചു് ഒന്നുരണ്ടു കാര്യങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. ഇന്നു് ടാക്സികാറുകളിൽ രണ്ടു തരത്തിലുള്ള നിറങ്ങളും, ആക്കും ഇഷ്ടപ്പെടാത്ത, നിറങ്ങളാണു് അടിച്ചിരിക്കുന്നതു്. ആകർഷണീയമല്ലാത്ത ആനിറം മാറ്റിക്കിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കും. ഈ നിയമസഭയ്ക്കകത്തും പുറത്തും ഉള്ള പലരും കാറുകൾ കാശു കൊടുത്തു വാങ്ങിച്ചിട്ടുണ്ടു്. പക്ഷേ കാറുകൾ വാങ്ങി ടാക്സി പെർമിറ്റ് എടുക്കുന്ന കാറുകൾ തന്നെ ഇന്നു് രണ്ടു തരത്തിൽ പെയിന്റു് അടിച്ചു ഉപയോഗിക്കുന്നതു് കാണാം. സ്റ്റേറ്റു് ആവശ്യത്തിനു വേണ്ടി കാറുകൾ വാങ്ങിച്ചു് അതിനു് ടൂറിസ്റ്റു് പെർമിറ്റു കൊടുക്കും. ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ആളുകൾക്കു് ലഭിക്കുന്ന പെർമിറ്റാണു് അതു്. അങ്ങനെ പെർമിറ്റു വാങ്ങിച്ചാൽ അയ്യായിരം രൂപവരെ ലാഭം കിട്ടും. കാരണം ആ കാർ സ്റ്റേറ്റു കോട്ടായിൽ കിട്ടിയിട്ടുള്ളതാണു്. അങ്ങനെ ടൂറിസ്റ്റു പെർമിറ്റു കിട്ടുന്ന കാറുകൾക്കു് ഇഷ്ടമുള്ള ആകർഷണീയമായ പെയിന്റുകൾ അടിയ്ക്കാൻ സാധിക്കും. അങ്ങനെ ആളുകളെ ആകർഷിക്കുന്നതിനും സാധിക്കും. എന്നാൽ അതുപോലെ വിലകൊടുത്തു വാങ്ങിക്കുന്ന കാറുകൾ ടാക്സിയായി ഉപയോഗിക്കണമെങ്കിൽ അവയ്ക്കു് കറുപ്പും മഞ്ഞയും പെയിന്റടിക്കണമെന്നുണ്ടു്. ഇതു് ശരിയല്ലായെന്നാണു് എന്റെ അഭിപ്രായം. ആക്കും തന്നെ ഇഷ്ടമില്ലാത്ത ഒരു നിറമാണു് ഇപ്പോൾ ടാക്സി കാറുകളിൽ അടിക്കുന്നതിനു് ഉപയോഗിക്കുന്നതു്. 50000 രൂപയും 30000 രൂപയും വിലകൊടുത്തു വാങ്ങിക്കുന്ന കാറുകളിൽ ഇങ്ങനെ ഭംഗിയില്ലാത്തതും ഒട്ടും കലാബോധത്തോടുകൂടിയല്ലാത്തതും ആക്കും ഇഷ്ടപ്പെടാത്തതുമായ നിറങ്ങളാണു് അടിക്കുന്നതു് ഈ രാജ്യത്തുള്ള ആക്കൾ തന്നെ ഇഷ്ടമായിരിക്കുമെന്നു തോന്നുന്നില്ല. ഇവിടെതന്നെ മന്ത്രിമാക്കും മറ്റു പലക്കും കാറുണ്ടല്ലോ. അതിലാരുടെയെങ്കിലും കാറിൽ ഒരു ദിവസം ആരെങ്കിലും അറിയാതെ അടിയിൽ കറുപ്പും മുകളിൽ മഞ്ഞയും അടിച്ചാൽ അതിഷ്ടപ്പെടുമോ? ഇത്തരത്തിലുള്ള നിറങ്ങളും അടിച്ചുകൊണ്ടുവരുന്ന ടാക്സികാറിൽ കയറുന്നതിനു തന്നെ ആളുകൾ ഇഷ്ടപ്പെടുകയില്ല. അൻപതിനായിരം രൂപകൊടുത്തുവാങ്ങിക്കുന്ന കാറുകളിൽ കറുപ്പും മഞ്ഞയും പെയിന്റു് അടിച്ചാൽ അതിന്റെ വിലയ്ക്കു് തന്നെ ഇടിവുണ്ടാകുന്നു; പെയിന്റടിച്ചതിനുശേഷം മൂവായിരം രൂപപോലും കിട്ടാൻ പ്രയാസമാകും. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും ഈ നിറത്തിനു് ഒരു മാറ്റം വരുത്താൻ നിയമപരമായി തടസ്സമുണ്ടെന്നും. സെൻട്രൽ ഗവണ്മെൻറിന്റെ ഡയറക്ടറേഷൻ അനുസരിച്ചു് എല്ലാ സ്റ്റേറ്റു ഗവണ്മെൻറുകളും യൂണിഫോമായിട്ടുള്ള ഒരു പാറ്റേൺ അംഗീകരിക്കണമെന്നും അതുകൊണ്ടു് അതിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു എന്തെങ്കിലും ചെയ്യുന്നതു് ശരിയായിരിക്കുകയില്ലെന്നും മന്ത്രി പറയുമായിരിക്കും. ഈ ഗവണ്മെൻറിനു് ഇക്കാര്യത്തിൽ സ്വന്തമായ ഒരു അഭിപ്രായം സ്വീകരിക്കാൻ സാധിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. മദ്രാസു് സംസ്ഥാനത്തു തന്നെ ചില ഡിസ്ട്രിക്റ്റുകളിൽ ഇന്നും ടാക്സി കാറുകളിൽ കറുപ്പും മഞ്ഞയും പെയിന്റടിച്ചിട്ടില്ല. അതുപോലെ യു. കെ. യിലെ കാര്യം ശ്രീ. കുറുപ്പു് പൂണ്ടിക്കാണിക്കുകയുണ്ടായി. ഈ സഭയിൽതന്നെ സ്വിറ്റ്സർലണ്ടിലും, മറ്റു യൂറോപ്യൻ രാജ്യങ്ങളിലും പോയിട്ടുള്ളവർ ഉണ്ടു്. അവരോടു ചോദിച്ചാൽ അറിയാം അവിടെയൊന്നുംതന്നെ ടാക്സികാറുകളിൽ ഈ സംപ്രദായം സ്വീകരിച്ചിട്ടില്ലെന്നു്. ആധുനികവും പരിഷ്കൃതവുമായ ഈ കാലഘട്ടത്തിൽ ഒരു രാജ്യത്തും ഈ സംപ്രദായം സ്വീകരിക്കുകയില്ല. ഇൻഡ്യയിലുള്ള പല സംസ്ഥാനങ്ങളും ഈ സംപ്രദായം സ്വീകരിച്ചിട്ടുണ്ടെന്നു് വിചാരിച്ചു് ഇവിടെയും അതു് സ്വീകരിക്കണമെന്നില്ല. കാരണം ഇൻഡ്യയിലുള്ള പല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

സംസ്ഥാനങ്ങളിലും സ്വീകരിച്ചിട്ടുള്ള നല്ല കാര്യങ്ങളൊന്നുംതന്നെ ഈ സംസ്ഥാനത്തു് സ്വീകരിച്ചിട്ടില്ല. 15--1--63--ൽ ടാക്സികാറുകളിൽ അഞ്ചു പേരെ വീതമെങ്കിലും കയറ്റണമെന്നു് കാണിച്ചു് ഗവണ്മെൻറിലേക്കു് ഒരു ഡെപ്യൂട്ടേഷൻ പോയിരുന്നു. ബന്ധപ്പെട്ട മന്ത്രി അതിനെക്കുറിച്ചു് അന്വേഷിക്കാമെന്നു് മറുപടി കൊടുക്കുകയും ചെയ്തിരുന്നു, 18--4--63--ൽ ബഹുമാനപ്പെട്ട മന്ത്രി പത്രപ്രതിനിധികളെ വിളിച്ചു ടാക്സികാറുകളിൽ അഞ്ചു പേരെവീതം കയറ്റുന്നതിനു് ഒരു തീരുമാനം എടുക്കുന്നതാണെന്നു് അറിയിച്ചു. ഞാൻ രണ്ടു മൂന്നു ദിവസങ്ങൾക്കു മുമ്പു ഒരു ചോദ്യം ഇതിനെപ്പറ്റി ഇവിടെ ചോദിച്ചപ്പോഴും മന്ത്രി അങ്ങനെ പറഞ്ഞിട്ടില്ലെന്നാണു് മറുപടി പറഞ്ഞതു്. അടിയന്തിരമായി ഇതിനെപ്പറ്റി ആലോചിക്കുമോയെന്നു് ചോദിച്ചതിനു് ആലോചിക്കാമെന്നു് പറഞ്ഞു. എന്നാൽ ഇതുവരെയും അക്കാര്യത്തെക്കുറിച്ചു് ഒരു തീരുമാനം എടുത്തിട്ടില്ല ഒന്നരക്കൊല്ലമായിട്ടു് തീരുമാനം എടുക്കാമെന്നു് പറഞ്ഞിരുന്നതും ഇതുവരെ തീരുമാനം എടുക്കാൻ സാധിക്കാതിരുന്നതുമായ ഇക്കാര്യം രണ്ടു മൂന്നു ദിവസത്തിനകം ആലോചിച്ചു് ഒരു തീരുമാനം എടുക്കേണ്ടതാണു്. മദ്രാസിലാണെങ്കിൽ ടാക്സികാറുകൾക്കു് 75 രൂപ ടാക്സു കൊടുത്താൽ മതി. അവിടെയുള്ള ടാക്സികാറുകളിൽ അഞ്ചുപേരെ വീതം കയറ്റിക്കൊണ്ടുപോകുകയും ചെയ്യും. എന്നാൽ കേരളത്തിലുള്ള ടാക്സികാറുകൾക്കു് 100 രൂപയാണു് ടാക്സു് കൊടുക്കേണ്ടതു്. നാലുപേരെ മാത്രമേ കയറ്റിക്കൊണ്ടുപോകാനും സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ അടിയന്തിരമായും ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ : മാഡം എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. കെ. നാരായണക്കുറുപ്പു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോടു യോജിക്കുന്നതോടൊപ്പം അതിൽ ചില മാറ്റങ്ങളും വരുത്തുന്നതിനുവേണ്ടി ഞാൻ താഴെ പറയുന്ന ചെറിയ ഭേദഗതി അവതരിപ്പിക്കുകയാണു്:

പ്രമേയത്തിൽ 'ഇന്നത്തെ നിയമം' എന്നതിനുശേഷമുള്ള ഭാഗം നീക്കം ചെയ്തു് തൽസ്ഥാനത്തു് ''മാറ്റുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നു് ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നു'' എന്നു ചേർക്കുക.

ഇരുപതു് ഇരുപത്തിരണ്ടു് വയസ്സു് പ്രായമുള്ള സുന്ദരിയായ ഒരു സ്ത്രീയെ വിവാഹം ചെയ്തതിനുശേഷം മേൽത്താവു് അവരെയുംകൂട്ടി വഴിയിൽകൂടി നടന്നു പോകണമെങ്കിൽ സ്ത്രീയുടെ മുഖത്തു് കരിയും തേച്ചുകൊണ്ടുമാത്രമേ നടക്കാൻ സാധിക്കുകയുള്ളുവെന്നു് ഏതെങ്കിലും സ്റ്റേറ്റിൽ ഒരു നിയമം ഉണ്ടാക്കിയാൽ ആ മേൽത്താവിനു് എത്രമാത്രം സങ്കടം ഉണ്ടാകുമോ, അതുപോലെയാണു്, ഒരു നല്ല കാറുവാങ്ങി അതു് ടാക്സികാറായി ഉപയോഗിക്കണമെങ്കിൽ അതിൽ കുറുപ്പും മഞ്ഞയും പെയിൻറു് അടിക്കണമെന്നു പറയുമ്പോഴും തോന്നുന്നതു്.

ശ്രീ. പി. നാരായണൻ തമ്പി : ഒരു സ്ത്രീയെ വിവാഹം കഴിച്ചു കൊണ്ടുവന്നാൽ സ്ത്രീയുടെ കണ്ണിലും കരി എഴുതാൻ പാടില്ലെന്നാണോ പറയുന്നതു്?

ശ്രീ. എൻ. ഭാസ്കരൻ നായർ : കണ്ണിൽ കരിയെഴുതുന്നതു പോലെയല്ലല്ലോ മുഖത്തു് മുഴുവനും കരിതേക്കുന്നതു്.

ഡെപ്യൂട്ടി സ്പീക്കർ : എല്ലാ സ്ത്രീകളും സൗന്ദര്യം ഉള്ളവരായിരിക്കുകയില്ലല്ലോ ?

ശ്രീ. എൻ. ഭാസ്കരൻനായർ: സൗന്ദര്യം ഉണ്ടെന്നു ബോധത്തോടുകൂടി കല്യാണം കഴിയ്ക്കുന്ന സ്ത്രീയുടെ കാര്യമാണു് ഞാൻ പറഞ്ഞതു്. അങ്ങനെകായിരം രൂപ ചെലവാക്കിക്കൊണ്ടു് ഒരു നല്ല കാറു് വാങ്ങിയതിനുശേഷം ടാക്സി പെർമിറ്റുവാങ്ങിക്കുകയാണെങ്കിൽ അതിൽ എന്തിനാണു് ഈ മഞ്ഞപെയിൻറു് അടിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. കുറെ നാളുകൾക്കു് മുമ്പു് വിദേശരാജ്യങ്ങളിൽ ഞാനും ഈ സഭയിലുള്ള മറ്റു ചിലസ്നേഹിതന്മാരുംകൂടി പോകുക-

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ഞങ്ങളും അവിടെ സഞ്ചരിച്ച അവസരത്തിൽ എല്ലാ രാജ്യങ്ങളിലും ടാക്സി പെർമിറ്റുള്ള അനേകം കാറുകളും ഓടുന്നതു കണ്ടു. പക്ഷേ ആ ടാക്സി കാറുകളെല്ലാം തിരിച്ചറിയുന്നതിനു് ഒരുതരം ഡിസ്ക്കാണു് ഉപയോഗിച്ചിരിക്കുന്നതു്. അതിൽ ടാക്സി എന്നു എഴുതിയിട്ടുണ്ടു്. വളരെ സൗന്ദര്യബോധത്തോടുകൂടിയുള്ള നിറങ്ങളും ഇട്ട ആ കാറുകളിൽ ടാക്സിയാണെന്നു് അറിയുന്നതിനു് ഒരുതരം ഡിസ്ക്കു് വെച്ചു് അതിൽ ടാക്സി എന്നു എഴുതിവെയ്ക്കുക മാത്രമേ ചെയ്തിട്ടുള്ളു. അത്തരത്തിലുള്ള ഒരു നടപടി സ്വീകരിക്കുന്നതായിരിക്കും നല്ലതു്. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ അത്തരത്തിലുള്ള ഒരു സമ്പ്രദായം ഏർപ്പെടുത്തുകയാണെങ്കിൽ ടാക്സി കാറുകളും ഏതാണു് പ്രൈവറ്റു് കാറുകളും ഏതാണു്, എന്നു് നമ്മുടെ ആളുകൾക്കു് തിരിച്ചറിയുന്നതിനു് വിഷമം നേരിടുമെന്നു് തോന്നുന്നില്ല. ക്ലാതെ കറുത്ത പെയിന്റു് അടിക്കുന്ന കാറുകളിൽ വെള്ള പെയിന്റു കൊണ്ടു് നമ്പർ എഴുതിയാൽ അതു് ടാക്സിയാണെന്നു് സാധാരണ ബുദ്ധിയുള്ള എല്ലാവർക്കും അറിയാം. അതുകൊണ്ടു് ഈ ടാക്സികാറുകളുടെ മുകളവശത്തു് മഞ്ഞ പെയിന്റു് അടിക്കേണ്ടതായതൊരാവശ്യവുമില്ല. അഖിലേൻഡ്യാ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള ഒരു കാര്യമാണു് ഇതെങ്കിലും മഞ്ഞ പെയിന്റു് അടിക്കുന്നതിൽനിന്നും ഒരു മാറ്റം കിട്ടുന്നതിനു് ഈ ഗവണ്മെന്റു് ഇൻഡ്യാ ഗവണ്മെന്റിനോടു് സമ്മർദ്ദം ചെലുത്തി ആവശ്യപ്പെടേണ്ടതാണു്. അതുകൊണ്ടു് ഇന്നു് ഇരിക്കുന്ന രൂപത്തിൽ കൊടുത്തിട്ടുള്ള കളർ മാറുന്നതിനുള്ള ഭേദഗതി ചെയ്യുന്നതിനാവശ്യമായ ഈ പ്രമേയം ഗവണ്മെന്റിൽ നിന്നു് സ്വീകരിക്കുമെന്നു് വിശ്വസിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

മാഡം, ടാക്സി കാറുകളിലെ പെയിന്റിന്റെ കലാബോധക്കുറവിനെ സംബന്ധിച്ചും, ടാക്സി ഡ്രൈവറന്മാരുടെ യൂണിഫാറത്തിന്റെ കാക്കിത്തുണി കട്ടിക്കുടിയതായിപ്പോയി എന്നുള്ളതിനെ സംബന്ധിച്ചുമാണു് ഇവിടെ പ്രധാനമായി ആക്ഷേപം ഉന്നയിച്ചു കേട്ടതു്. ഈ രാജ്യത്തു് സ്വാഭാവികമായി ടാക്സികാറുകളുടെ എണ്ണം കുടിക്കുടിവരികയാണു്. ഇവിടെ സാമ്പത്തികമായി വളരെ കഴിവുള്ള ആളുകൾക്കു് സഞ്ചരിക്കാൻ സ്വന്തമായ കാറുകളുമുണ്ടു്. അതു് പ്രൈവറ്റായി രജിസ്റ്റർ ചെയ്തു് ഉപയോഗിക്കുന്നു. അതു കഴിഞ്ഞാൽപിന്നെ സാധാരണക്കാർക്കുവേണ്ടി ബസ്സു് യാത്രചെയ്യാനുള്ള സൗകര്യം ഗവണ്മെന്റുതന്നെ ചെയ്തുകൊടുത്തിട്ടുണ്ടു്. അതിനിടയിൽ ഏതാണ്ടു് പ്രത്യേകമായി അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പെട്ടെന്നു പോകാൻ വേണ്ടിയാണു് ടാക്സികാർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതു്. അതിനു പ്രത്യേകമായ ചില വ്യവസ്ഥകളും ചെയ്തിട്ടുണ്ടു്. ടാക്സികാറുകളെ സംബന്ധിച്ചിടത്തോളം അതു മറ്റു കാറുകളിൽനിന്നു് തിരിച്ചറിയുന്നതിനുവേണ്ടി പ്രത്യേക ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്. പെക്കിംഗിനും മറ്റും ഇങ്ങനെ പ്രത്യേക അടയാളമുണ്ടെങ്കിൽ മാത്രമേ പെട്ടെന്നു തിരിച്ചറിയുവാൻ സാധിക്കുകയുള്ളു. ഈ ഏർപ്പാടു് തുടങ്ങിയിട്ടു് ഒന്നരരണ്ടു കൊല്ലമായി. അഞ്ചാറു കൊല്ലങ്ങൾക്കു മുൻപുതന്നെ ടാക്സികൾക്കു് പ്രത്യേക പെയിന്റിംഗു് കൊടുക്കണമെന്നുള്ള കാര്യം ആലോചനയ്ക്കു് വന്നതാണു്. അതു് കുറെക്കാലം ഇങ്ങനെ അവധികൊടുത്തു് 1961—ൽ വന്നപ്പോൾ ഇൻഡ്യയൊട്ടാകെ പൊതുവിൽ ടാക്സികൾക്കു് ഐകരൂപ്യം വേണമെന്നുള്ള നിർദ്ദേശം നിർബന്ധമായി വന്നതുകൊണ്ടു് ഇവിടേയും ആ ഏർപ്പാടു് നടപ്പിലാക്കിയിരിക്കുകയാണു്. ക്ലാൻഡസ്റ്റൈൻ ടാക്സികളെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായി പറയുവാൻ സാദ്ധ്യമല്ലെങ്കിലും ഈ പെയിന്റിംഗു് ഏർപ്പാടു വന്നതിനുശേഷം വളരെ കുറവു് വന്നിട്ടുണ്ടു്. ശ്രീ. മോസ്സുരൻ നായരുടെ എം. ആർ. എ. പ്രേമം മാറ്റിക്കൊണ്ടു നോക്കുകയാണെങ്കിൽ നമ്മുടെ സ്ത്രീകൾക്കു് കുറച്ചു മഞ്ഞ പരുട്ടിക്കൊടുക്കുന്നതുകൊണ്ടു് സൗന്ദര്യത്തിനൊന്നും കുറവുവരാൻ പോകുന്നില്ല. അതിൽ വലിയ തെറ്റൊന്നുമില്ല. എന്നെ സംബന്ധിച്ചിടത്തോളം മഞ്ഞയ്ക്കു് വളരെ സൗന്ദര്യമുണ്ടെന്നാണു് അഭിപ്രായം. അതു കുടുംബത്തിലെ അംഗ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

ങ്ങും ഉപയോഗിക്കുന്നതിൽ ആക്ഷേപിക്കാൻ വകയില്ല. മഞ്ഞയ്ക്ക് ഒരു പരിശുദ്ധിയുണ്ട്. ആ നിലയ്ക്ക് ടാക്സി കാറുകളിൽ മഞ്ഞ പെയിൻറടിക്കുന്നതിനെ സംബന്ധിച്ച് ആക്ഷേപം പറയുന്നതിലൊന്നും വലിയ അർത്ഥമില്ല. ടാക്സി കാറുകളിൽ നല്ല തെളിവായി മഞ്ഞനിറം കട്ടിയിൽ പെയിൻറു ചെയ്ത അതിനുതാഴെ ബ്ലാക്കുകളർ കൊടുക്കണമെന്നുമാണ് നിർദ്ദേശം കൊടുത്തിരിട്ടുള്ളത്.

ശ്രീ. എൻ. മോസ്സുരൻ നായർ : മഞ്ഞയോടുള്ള പ്രത്യേക പ്രേമം കൊണ്ടാണോ മന്ത്രി അവർകൾ ഈ മഞ്ഞ ഷർട്ടിട്ടിരിക്കുന്നത് ?

ശ്രീ. കെ. ടി. അച്യുതൻ : എനിക്ക് മഞ്ഞയോട് കൂടുതൽ അടുപ്പമാണ്. മതപരമായ നിലയിൽ നോക്കുകയാണെങ്കിലും ചരിത്രപരമായ നിലയിൽ നോക്കുകയാണെങ്കിലും വളരെ യോഗ്യതയുള്ള നിറമാണ് മഞ്ഞ.

ശ്രീ. എം. നാരായണക്കുറുപ്പ് : ശ്രീകൃഷ്ണൻറെ മഞ്ഞപ്പട്ട കണ്ടിട്ടാണ് ഗോപസ്ത്രീകൾ അദ്ദേഹത്തിൽ അനുരക്തരായതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഹിന്ദുമതത്തേയും ബുദ്ധമതത്തേയും കുറിച്ച് ധാരാളം പറയുവാൻ എനിക്ക് സാധിക്കും. പക്ഷേ സമയമില്ലാത്തതുകൊണ്ട് ഞാൻ അതു പറയുന്നില്ല. മതപരമായി നോക്കുകയാണെങ്കിൽപ്പോലും മഞ്ഞയ്ക്ക് പ്രത്യേക സ്ഥാനമാണുള്ളത്. ടാക്സി കാറുകൾക്ക് പെയിൻറു ചെയ്യുന്നതു വെറും മഞ്ഞയല്ല, ക്രീംയെല്ലോ ആണ്. അങ്ങനെ പെയിൻറു ചെയ്യുന്നതുകൊണ്ട് കാറിനും യാതൊരു ഭംഗിക്കുറവും ഉണ്ടാകുന്നില്ല. ടാക്സി കാറുകളുടെ എണ്ണത്തെ സംബന്ധിച്ചുതന്നെ എൻറെ കൈയിൽ ഒരു കണക്കുണ്ട്. 1960–61–വരെ 984 കാറുകളാണ് ടാക്സിയായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിപ്പോൾ മൂവായിരംപേരെയായി വർദ്ധിച്ചിട്ടുണ്ട്. ഈ പെയിൻറിംഗ് സിസ്റ്റം ഏർപ്പെടുത്തിയതുകൊണ്ട് ക്വാൻഡസ്റ്റയിൽ ടാക്സികളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. ടാക്സി കാറുകളെ സംബന്ധിച്ചിടത്തോളം നിഷ്കൃഷ്ടമായി ഈ വ്യവസ്ഥ വച്ചിട്ടുള്ളതു ഒരു കാറുകണ്ടാൽ അതു ടാക്സിയാണോ എന്നു തിരിച്ചറിയുന്നതിനും രജിസ്ട്രേഷനുണ്ടോ എന്നുംമറ്റുമുള്ള കാര്യങ്ങളെല്ലാം ചെക്കു ചെയ്തു മനസിലാക്കുന്നതിനും വേണ്ടിയാണ്. യാത്രക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് യാതൊരു വിഷമവും ഇതുകൊണ്ട് ഉണ്ടാകാൻ പോകുന്നില്ല. പോലീസ് ഡിപ്പാർട്ടുമെൻറിനും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിനും ഇങ്ങനെ പെയിൻറു ചെയ്തിരിക്കുന്നതുകൊണ്ട് അതു ടാക്സിയാണെന്നു തിരിച്ചറിയാൻ സാധിക്കുന്നു. ക്വാൻഡസ്റ്റയിൻ ടാക്സികളുടെ എണ്ണം ഇപ്പോൾ വളരെ കുറവാണ്. ആ ഒരു കാരണംകൊണ്ടുതന്നെ ഈ പെയിൻറിംഗ് നല്ലതാണ്. ഇങ്ങനെ പെയിൻറു ചെയ്യുന്നതുകൊണ്ട് കാറുകൾക്ക് വില കുറയുന്നു എന്നു പറയുന്നതു ശരിയല്ല. ഈ നിറമടിക്കാൻ ആകെ വരുന്ന ചെലവു് നൂറോ നൂറമ്പതോ രൂപയാണ്. ടാക്സി വേണ്ടെന്നുവച്ചുകഴിഞ്ഞാൽ നാലു ദിവസംകൊണ്ട് പെയിൻറു മാറ്റി ഇഷ്ടമുള്ള പെയിൻറടിക്കാൻ വിഷമമില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ് : മഞ്ഞ അത്ര പരിശുദ്ധമാണെങ്കിൽ ടൂറിസ്റ്റ് ടാക്സികൾക്ക് എന്തുകൊണ്ടാണ് ഈ പെയിൻറടിക്കാത്തത് ?

ശ്രീ. കെ. ടി. അച്യുതൻ : അഖിലേന്ത്യാടിസ്ഥാനത്തിൽ അങ്ങനെയൊരു തീരുമാനം എടുത്തിട്ടുള്ളതാണ്. പുറമേനിന്നുവരുന്ന ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടില്ല. അവർക്ക് യാതൊരു അസൗകര്യവുമുണ്ടാകാൻ പാടില്ല എന്നു വിചാരിച്ചാണ് ആ കാറുകളിൽ മഞ്ഞ പെയിൻറു് ഉപയോഗിക്കാത്തത്. യൂറോപ്പിൽനിന്നും മറ്റും വരുന്നവർക്ക് ഇവിടെ പ്രത്യേകമായ സൗകര്യങ്ങളും ചെയ്തുകൊടുത്തു് അവർക്ക് യാതൊരു അസൗകര്യവുമുണ്ടാകരുതെന്ന കരുതിയാണ് അങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അനിരുദ്ധൻ : വെളിയിൽനിന്നുവരുന്ന ആളുകൾക്ക് അസുഖമുണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഇൻഡ്യാഗവണ്മെന്റ് ഇങ്ങനെ ഒരു ഏർപ്പാട് ഉണ്ടാക്കിയിട്ടുള്ളതു്. അപ്പോൾ അസുഖമുണ്ടാകുമെന്നുള്ളതു് തീർച്ചയല്ലേ ?

ശ്രീ. കെ. ടി. അച്യുതൻ : വെളിയിൽനിന്നു വരുന്ന ടൂറിസ്റ്റുകൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്നു കരുതിയാണ് ഇങ്ങനെ ഒരു ഏർപ്പാട് ചെയ്തിട്ടുള്ളതു്. മറ്റു രാജ്യങ്ങളിലുമെല്ലാം ഇങ്ങനെ ഒരു ഏർപ്പാടാണ് സ്വീകരിച്ചിട്ടുള്ളതു്, അപ്പോൾ ഇവിടെ വരുമ്പോൾ അവർക്ക് ബുദ്ധിമുട്ടുണ്ടാകരുതെന്നു കരുതിയാണ് ടൂറിസ്റ്റ് കാറുകൾക്ക് ഇങ്ങനെ പെയിൻറടിക്കേണ്ട എന്നു തീരുമാനിച്ചതു്.

ഈ ടാക്സികാറുകൾക്ക് ഇങ്ങനെ പെയിൻറടിക്കണമെന്നു് ഒരു തീരുമാനമെടുത്തിട്ടുള്ളതു് അഖിലേൻഡ്യാടിസ്ഥാനത്തിലാണു്. ഇതുകൊണ്ടു് കാറുകൾക്ക് എന്തെങ്കിലും ഭംഗിക്കുറവോ യാതൊന്നുംതന്നെ സംഭവിക്കുന്നില്ല. സർക്കാരിന്റെ ഇന്നത്തെ നിലവച്ചു നോക്കുമ്പോൾ കള്ളർ മാറ്റേണ്ട കാര്യത്തോടു് അനുകൂലിക്കാൻ നിവൃത്തിയില്ല. പിന്നെ അഖിലേന്ത്യാ കമ്മിറ്റിയിൽ പറഞ്ഞു് ഈ കാര്യത്തെപ്പറ്റി ആലോചിക്കാം. അവിടെയുള്ള സുഹൃത്തുക്കളെകണ്ടു് ഇങ്ങനെയുള്ള ഒരു മാറ്റം വരുത്തേണ്ടുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി ചോദിച്ചു നോക്കാം. സ്വാഭാവികമായി പറഞ്ഞാൽ തൽക്കാലം ഇതു മാറ്റേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആ നിലയ്ക്കു് പ്രത്യേകമായി ഈ കാര്യത്തെപ്പറ്റി എന്തെങ്കിലും ചോദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയം പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

ശ്രീ. കെ. അനിരുദ്ധൻ : 15–3–63–ലും, 18–3–63–ലും ഞാൻ ചോദിച്ച ചോദ്യത്തിനുത്തരമായി അങ്ങു് നൽകിയ മറുപടിയെക്കുറിച്ചു് കൂടി ഒരഭിപ്രായം പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു് ഇതോടുകൂടി ചേർക്കേണ്ട എന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : "ഏക ഗേഹമതെങ്കിലും ബത പാണ്ഡവർക്കു കൊടുക്കണം" എന്നു പറഞ്ഞതുപോലെ ഡ്രൈവറന്മാരുടെ കാക്കിയെങ്കിലും മാറുന്ന പ്രശ്നം ആലോചിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അഖിലേന്ത്യാടിസ്ഥാനത്തിൽ അങ്ങനെ വേണമെന്നു പറഞ്ഞതാണു്. അതുകൊണ്ടു് അതു മാറ്റേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Deputy Speaker : Mr. Anirudhan, are you pressing your amendment ?

Shri K. Anirudhan : No, I am not pressing.

Amendment No. 1 moved by Shri K. Anirudhan was, by leave withdrawn.

Deputy Speaker: Shri Bhaskaran Nair, are you pressing your amendment ?

Shri Bhaskaran Nair: Madam, I am not pressing my amendment.

Amendment No. 2 moved by Shri N. Bhaskaran Nair was, by leave, withdrawn.

Deputy Speaker : Mr. K. Narayana Kurup, are you pressing your resolution ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : ആയം ഇൻഡ്യാ പാറോൺ ആണെന്നുള്ള സ്ഥിതിക്കു് ഇതു മാറാൻ ഗവണ്മെൻറു് ശ്രമപാർശ ചെയ്യുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം പ്രസ്സു് ചെയ്യുന്നില്ല.

Resolution No. 2 moved by Shri K. Narayana Kurup was, by leave withdrawn.

Deputy Speaker: Now we pass on to Resolution No. 3.

RESOLUTION III

Report of the Minimum wages Committee for Agricultural Labourers—Publication of

ശ്രീ. എം. വി. വാസു: മാഡം, ഇതാണു് എൻറെ പ്രമേയം:

"കാർഷികത്തൊഴിലാളികളുടെ മിനിമംവേജസു് നിശ്ചയിക്കാൻ നിയമിച്ചിട്ടുള്ള മിനിമംവേജസു് കമ്മിറ്റിയുടെ റിപ്പോർട്ടു് ഉടൻ പ്രസിദ്ധപ്പെടുത്തണമെന്നും കർഷകത്തൊഴിലാളികളുടെ മിനിമംകൂലി നടപ്പിലാക്കാൻ സത്വര കടപടികളും കൈക്കൊള്ളണമെന്നും ഈ സഭ ഗവണ്മെൻറിനോടഭ്യർത്ഥിച്ചു കൊള്ളുന്നു."

1958-ൽ കമ്മ്യൂണിസ്റ്റു ഗവണ്മെൻറു് തിരുവിതാംകൂറിലുണ്ടായിരുന്ന മിനിമംവേജസു് ആക്റ്റു് ഒരു എക്സിക്യൂട്ടീവു് ആർഡർമൂലം മലബാറിലേക്കു കൂടി ബാധകമാക്കുകയുണ്ടായി. അതനുസരിച്ചു് പുരുഷന്മാർക്കു് ആറു് ഇടങ്ങഴിയും സ്ത്രീകൾക്കു് നാലിടങ്ങഴിയും നെല്ലു് കൂലിയായി നിശ്ചയിച്ചു. അതായതു് കൊയ്ത്തിനു് എട്ടുപറ നെല്ലു് അളന്നാൽ ഒരു പറ കൊയ്ത്തുകാർക്കു് നിശ്ചയിച്ചിരുന്നു. അവിടെ ആയിരവും രണ്ടായിരവും പറ സ്വന്തം നിലമുള്ള ജന്മിമാർ റിട്ടു കൊടുത്തതിൻറെ ഫലമായി അതു് ഒരു ബില്ലായിട്ടു് കൊണ്ടുവരണമെന്നുള്ള അടിസ്ഥാനത്തിൽ ആ എക്സിക്യൂട്ടീവു് ആർഡർ ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. അന്നു കേരളസ്റ്റേറ്റിൽ സുമാർ 23 ലക്ഷം കർഷകത്തൊഴിലാളികളും വരുമെന്നാണു് കണക്കാക്കിയിരുന്നതു്. അതിപ്പോഴും ഏകദേശം മുപ്പതു ലക്ഷത്തോളംവരും. ഇത്തരത്തിൽ ഈ രാജ്യത്തിലെ നെല്ലും അതുപോലെതന്നെ മറ്റു സാധനങ്ങളും ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർ കൊയ്ത്തെല്ലാം കഴിഞ്ഞു പുറത്തിറങ്ങുമ്പോഴും എന്തു കിട്ടുമെന്നു ചോദിച്ചാൽ ഏതോ ഒരു ഡ്രാമയിൽ പറയുംമാതിരി

"കല്ലരിയുണ്ടു് കരിക്കാടിക്കു്
നെല്ലരിയെല്ലാം പത്തായത്തിൽ"

എന്നതുപോലെയാണു് അവസ്ഥ. തൊഴിലാളികളുടെ അദ്ധ്വാനഫലമായുണ്ടാകുന്ന ഈ ക്ഷ്യസാധനങ്ങളെല്ലാംതന്നെ ജന്മാവകാശത്തിൻറെ പേരിലും കാണാവകാശത്തിൻറെ പേരിലും പണം കൊടുക്കാതെ ഒരുപിടി ജന്മിമാരും ധനികരുംകൂടി തട്ടിത്തിന്നുന്ന ദയനീയാവസ്ഥയാണു് ഇവിടെയുള്ളതു്. ഈ കാർഷികത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണത്തിനു് എന്താണു് കാലതാമസമെന്നു ഞാൻ ചോദിക്കുകയാണു്. 1958-ൽ അങ്ങനെയൊരു നിയമം മലബാറിലേക്കു് ബാധകമാക്കിയതു് ഹൈക്കോടതി തള്ളിക്കളഞ്ഞു. ഉടൻതന്നെ ആ ഗവണ്മെൻറു് പോയി. അതിനുശേഷം 1960-ൽ ഒരു ഗവണ്മെൻറു് ഇവിടെവന്നു് കൊല്ലം മൂന്നാലു കഴിഞ്ഞിട്ടും ഇങ്ങനെയൊരു നിയമം കൊണ്ടുവന്നില്ല. ഒരു മിനിമംവേജസു് കമ്മിറ്റിയെ നിയോഗിച്ചു് അവർ ഈ രാജ്യം മുഴുവൻ സഞ്ചരിച്ചു് തെളിവെടുത്തു് ഈ അടുത്തകാലത്തു് ഗവണ്മെൻറിനു് റിപ്പോർട്ടു് സമർപ്പിച്ചു. ആ റിപ്പോർട്ടു് ഗവണ്മെൻറു് ഇതുവരെയായി പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. ടി. അച്യുതൻ: അതു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു.

ശ്രീ. എം. വി. വാസു: അതു ഇതുവരെ നോട്ടിഫൈ ചെയ്തിട്ടില്ല. ഇന്നു മലബാറിലെ കൂലിത്തൊഴു് എങ്ങനെയാണെന്നുള്ളതു് ഞാൻ ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly